ഇൻസ്റ്റിട്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്

ചാക്ക തിരുവനന്തപുരം -24

നടപടിക്രമം

ഐ എച്ച് ആർ ഡി - ജീവനക്കാരുടെ 2023 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം - ഇൻസ്റ്റിട്യൂഷൻ ഫണ്ടിൽ നിന്നും അടക്കുന്നത് - സംബന്ധിച്ച്

---

നമ്പർ ഫിൻ ബി 1 / 10796 / 2010 / എച്ച് ആർ ഡി 22 ഡിസംബർ 2022

---

സൂചന : (1)ധനകാര്യ സ ഉ (അച്ചടി) നം .140/2022/ ധന തീയതി 21/ 11/ 2022
(2) ഈ ഓഫീസിലെ ഇൻഡാസ് നമ്പർ ഐ എച്ച് ആർ ഡി/2828/2022 /ഇ എ 1 തീയതി 30/ 11/ 2022

ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം 2022 വർഷത്തെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ജി പി എ ഐ എസ് പദ്ധതിയുടെ കാലാവധി 31 / 12 / 2022 ൽ അവസാനിക്കുന്നതിനാൽ 2023 ലെ ഇൻഷുറൻസ് പ്രീമിയം പുതുക്കുന്നതിലേക്കായി നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തു 31 / 12/2022 നു മുൻപ് അടക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം തുടർ നടപടിക്കായി സൂ ചന (2 ) പ്രകാരം എല്ലാ സ്ഥാപന മേധാവിക ളെയും അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ നാളിതുവരെ ഐ എച്ച് ആർ ഡി ജീവനക്കാർക്ക് നവംബർ മാസത്തെ ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി തുക അതാതു സ്ഥാപനമേധാവികൾ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നും പ്രീമിയം തുകയും ജി എസ് ടി തുകയും (500 പ്രീമിയം തുക + 90 ജി എസ് ടി ) അടക്കുവാൻ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ശമ്പളം നൽകുന്ന മുറയ്ക്ക് ജീവനക്കാരിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്

ഒപ്പ്
ഡയറക്ടർ

സ്വീകർത്താവ്
അഡിഷണൽ ഡയറക്ടർ
ഫിനാൻസ് ഓഫീസർ
എല്ലാ സ്ഥാപനമേധവികൾക്കും
സൂപ്രണ്ട് , എസ്റ്റാബ്ലിഷ്മെന്റ് /
പി എ - ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സീനിയർ സുപ്രണ്ട്